# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്**
**(2026-2027)**

**SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)**

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd February 2026)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ആറാമത് റിപ്പോർട്ട്**

**(2026-2027)**

**SIXTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2026-2027)**

218/2026.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. പി. രാജീവ്,

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ് , ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി. , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 18-ാം തീയതി സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്നതിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. രാജീവ്,**

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 2273.4168 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1000 രൂപ

2851-00-001-93—വൈദഗ്ധ്യ വികസനം / ഊർജ്ജിത വ്യവസായവൽക്കരണപരിപാടി

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

1. സംസ്ഥാനത്തിന് അനുയോജ്യമായ സാധ്യതയുള്ള മേഖലകളിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി തീവ്രമായ വ്യവസായവൽക്കരണം കൈവരിക്കുന്നതിനും കേന്ദ്ര പദ്ധതിയായ RAMP-ൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രോഗ്രാമുകളുടെ കേന്ദ്രവിഹിതത്തിനാനുപാതികമായ സംസ്ഥാന വിഹിതം വകയിരുത്തേണ്ടതിനുമായി മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-101-89—വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

2. ലഭ്യമായ അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-84(01)-33—സംരംഭക സഹായ പദ്ധതി/സംസ്ഥാന നിക്ഷേപ സബ്സിഡി-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 110 കോടി രൂപ (പ്ലാൻ)

3. MSME മേഖലയിലെ ഉത്പാദക യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ 2023-2024 മുതലുള്ള കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 90 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-17 (02)—പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭക സ്കീം - ഷെയറബിൾ- (60% - സി.എസ്.എസ്.) പി.എം.എഫ്.എം.ഇ. സ്കീം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

4. 2026-27 സാമ്പത്തിക വർഷത്തേക്ക് 129 കോടി രൂപയുടെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുള്ളതിനാൽ ആയതിന്റെ സംസ്ഥാന വിഹിതമായി ആവശ്യമായ 38.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-07 (01)-34-3—സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രത്യേക പദ്ധതി-നിലവിലുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കലും വികാസവും- മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 39 കോടി രൂപ (പ്ലാൻ)

5. ലഭ്യമായ അപേക്ഷകൾക്ക് സഹായം അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-74 – പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 3.20 കോടി രൂപ (പ്ലാൻ)

6. ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലെ ഐ.ടി. ഉപകരണങ്ങളുടെ നവീകരണത്തിനായി 1.60 കോടി രൂപയും, ഐ.ഐ.ടി. മദ്രാസ് വികസിപ്പിച്ച കൈത്തറി യന്ത്രമാതൃകയെ യഥാർത്ഥ നെയ്ത്തു യന്ത്രങ്ങളാക്കി മാറ്റി വിതരണം ചെയ്യുന്നതിനും നെയ്ത്തുകാർക്ക് അവയിൽ പരിശീലനം നല്കുന്നതിനും കൂടാതെ കൈത്തറി തുണിത്തരങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി നടത്തിവരുന്ന ഗവേഷണങ്ങൾക്കുമായി 2.20 കോടി രൂപയും ഉൾപ്പെടെ ആകെ 3.80 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-64— വിപണന കയറ്റുമതി ഉന്നമന പദ്ധതി

ബഡ്ജറ്റ് വിഹിതം : 3.40 കോടി രൂപ (പ്ലാൻ)

7. കൈത്തറി മാർക്ക് "K" ബ്രാൻഡിന്റെ വിപണിവത്കരണത്തിനും അതിനെ വിപണിയിൽ ചിരപരിചിതമാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്കും കൊച്ചിയിലും തിരുവനന്തപുരത്തും ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിനുമായി 4.60 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-43—അംശദാന മിതവ്യയ ഫണ്ട്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

8. നടപ്പു സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ 50 ലക്ഷം രൂപ അനുവദിക്കേണ്ടതുള്ളതിനാലും അടുത്ത സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിനുമായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.50 കോടി രൂപ (പ്ലാൻ)

9. പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക് /നൂൽ ചുറ്റുന്നവർക്ക് പ്രോത്സാഹന ധനസഹായം നല്കുന്നതിനും ഈ ഇനത്തിൽ 2019-20 മുതലുള്ള കുടിശ്ശിക നല്കുന്നതിനും സ്ട്രീറ്റ് വാർപ്പിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിഗത അനുബന്ധ തൊഴിലാളികൾക്കും കൈത്തറി കൺസോർഷ്യങ്ങൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നല്കുന്നതിനുമായി മേൽ ശീർഷകത്തിൽ 10.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-37—കൈത്തറി ഗ്രാമം, സംയോജിത കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം : 1.10 കോടി രൂപ (പ്ലാൻ)

10. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പണി പൂർത്തിയാക്കുന്നതിനും യന്ത്ര സാമഗ്രികളും ഉത്പന്നങ്ങളും വാങ്ങുന്നതിനുമായി 8.90 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-25 – യുവ വീവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

11. നടപ്പ് സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ തുക അനുവദിക്കേണ്ടതിനാലും അടുത്ത സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിനായും 1.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-23—കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ്‌ലൂം വില്ലേജ്

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

12. കണ്ണൂരിലെ കാഞ്ഞിരോട് സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി ആരംഭിക്കുന്നതിലേയ്ക്കായി നിലവിലുള്ള 10 ലക്ഷം രൂപ കൂടാതെ 9.90 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-71 (02)—ദേശീയ ബാംബൂ മിഷനിലേക്കുള്ള സഹായം (60% സെൻട്രൽ അസിസ്റ്റൻസ്)- (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

13. കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 2026-27 വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ/പദ്ധതികൾ നടപ്പിലാക്കുന്നതിനായി മേൽ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-70—പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്കുള്ള സ്വർണ്ണ മൂല്യനിർണ്ണയ പരിശീലനം

ബഡ്ജറ്റ് വിഹിതം : 24 ലക്ഷം രൂപ (പ്ലാൻ)

14. പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്ക് ഗോൾഡ് അപ്രൈസർ പരിശീലനം നൽകുന്നതിനായി 26 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-99-31—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 52.6415 കോടി രൂപ (നോൺ പ്ലാൻ)

15. ജീവനക്കാരുടേയും പെൻഷൻകാരുടേയും ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ പരിഷ്കരണ കുടിശ്ശിക, വിരമിക്കൽ ആനുകൂല്യങ്ങളുടെ കുടിശ്ശിക എന്നിവ നല്കുന്നതിനായി 81.9171 കോടി രൂപയും 1991 മുതൽ 2024 വരെ ബോർഡ് വകമാറ്റി ചെലവഴിച്ച തുകയായ 72.5023 കോടി രൂപയും ചേർത്ത് ആകെ 154.4194 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഖാദിയുടെ ചില്ലറ വിൽപനയ്ക്കുള്ള പ്രത്യേക റിബേറ്റ്-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

16. റിബേറ്റിനായി ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്നും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിനു പുറമേ ഉത്സവ കാലങ്ങളിൽ 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നല്കുന്നുണ്ടെന്നും കുടിശ്ശികയിനത്തിലും തുക നല്കാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-95-10— കേരള ഖാദി തൊഴിലാളിക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ )

17. ക്ഷേമനിധി ചട്ട പ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യ തുക സർക്കാർ അംശദായം നൽകണമെന്നതിനാലും, നിധിയിൽ നിന്ന് അവശത/കുടുംബപെൻഷനും, വിവിധ ആനുകൂല്യങ്ങളും നൽകുന്ന ആവശ്യത്തിലേയ്ക്കും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14,18,67,579 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-87—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.3 കോടി രൂപ (പ്ലാൻ)

18. ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള വിൽപനശാലകളുടെയും ഖാദി ഗ്രാമ സൗഭാഗ്യയുടെയും സംഭരണശാലകളുടെയും നവീകരണത്തിനും ആധുനികവൽകരണത്തിനും പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി മേൽശീർഷകത്തിൽ 13.2575 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-86 —മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 85 ലക്ഷം രൂപ (പ്ലാൻ)

19. ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടേയും മറ്റ് ഖാദി സ്ഥാപനങ്ങളുടേയും പുനരുജ്ജീവനത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും 3.6629 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-85— പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2.95 കോടി രൂപ (പ്ലാൻ)

20. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 1000 പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം നല്കുവാനും ഈ മേഖലയിൽ 3000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇ.ഡി.പി. പരിശീലനം നൽകുവാനുമായി 15.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-73— ഖാദി നെയ്ത്തുകാർക്കുള്ള ഉത്പാദന/ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 6.60 കോടി രൂപ (പ്ലാൻ)

21. ഖാദി നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനുമായി 1.90 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-72—വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

22. പത്തനംതിട്ടയിൽ നിലവിലുള്ള ഓയിൽ, സോപ്പ് യൂണിറ്റ് നവീകരണം, എറണാകുളം, കുന്നകര എന്നിവിടങ്ങളിലെ ആർ.എം.ജി. യൂണിറ്റിൽ മെഷിനറി വാങ്ങൽ, തിരുവനന്തപുരം ആർ.എം.ജി. യൂണിറ്റിന്റെ ശാക്തീകരണം, യൂണിറ്റുകളിലേക്ക് മെഷിനറി വാങ്ങൽ, ഇളമ്പച്ചി കിടക്ക നിർമ്മാണ യൂണിറ്റ് നവീകരണം എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ 1.1325 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-71—വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 1.70 കോടി രൂപ (പ്ലാൻ)

23. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി 21.593 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66(02)—ഖാദി ഗ്രാമ വ്യവസായ വികസനം-വാർത്താവിതരണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (പ്ലാൻ)

24. ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 1.10 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66(03)—ഖാദി ഗ്രാമ വ്യവസായ വികസനം-ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

25. ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി മേൽ ശീർഷകത്തിൽ 63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66(04)— തേനീച്ച വളർത്തൽ വ്യവസായ വികസനം

ബഡ്ജറ്റ് വിഹിതം : ഇല്ല

26. തേനിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി തേനീച്ച കർഷകർക്ക് പരിശീലനം നൽകുന്നതിനും തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ചപ്പെട്ടികൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും ചെറിയ തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും തേൻ സംസ്കരണ യൂണിറ്റിന്റെ നവീകരണത്തിനുമായി 44 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-64— ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (പ്ലാൻ)

27. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം കൂടാതെ, പട്ടുല്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കുമായി മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-92-(02)— വിപണന വികസന പദ്ധതി (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

28. കയർഫെഡ്, കയർ കോർപ്പറേഷൻ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നിവയുടെ അർഹതയ്ക്കനുസരിച്ച് ആവശ്യമായ തുക കൂടുതലാണെന്നും ഈ ഇനത്തിൽ അർഹതയുള്ള ക്ലെയിം ഇനിയും കൊടുത്തു തീർക്കാനുണ്ടെന്നും സംസ്ഥാന വിഹിതമായി ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി കേന്ദ്ര വിഹിതം ലഭിക്കുന്ന പദ്ധതിയാണെന്നും വിലയിരുത്തിയ സമിതി, 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-106-34—വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 36 കോടി രൂപ (പ്ലാൻ)

29. കയർ വില പുനർ നിർണ്ണയിച്ചതിലൂടെ ക്രയവില വ്യതിയാന ഫണ്ടിലെ കയർഫെഡിന്റെ ക്ലെയിമുകൾ വർദ്ധിച്ചതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക

തീർക്കാനുള്ളതിനാലും മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-110-62— കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം

ബഡ്ജറ്റ് വിഹിതം : ഇല്ല

30. കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഭക്ഷ്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന ദിനേശ് ഫുഡ്സിലെ തേങ്ങാപ്പാൽ യൂണിറ്റിന്റെ വിപുലീകരണത്തിനും, യൂണിറ്റ് മൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നപരിഹാരത്തിനുമായി തുക ആവശ്യമാണെന്നും ഇതിനായി പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിലേക്കായി ഒരു സബ്-ഹെഡ് അനുവദിക്കണമെന്നും 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2851-00-195-88—ശോചനീയാവസ്ഥയിലുള്ളവ/പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങൾ/ ചാരിറ്റബിൾ സ്ഥാപനങ്ങൾക്കുള്ള പുനരുജ്ജീവന ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

31. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ പ്രവർത്തനരഹിതമായതും ശോചനീയാവസ്ഥയിലുള്ളതുമായ 48 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 4.3946 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-90— ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ )

32. കശുമാവ് കൃഷിയുടെ നടീൽ രീതികൾ, പരിപാലനം എന്നിവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി കർഷക ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനായി 5 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ഭരണപരമായ ചെലവുകൾ, ഓഫീസ് ചെലവുകൾ, ഭരണ സമിതി അംഗങ്ങളുടെ ടി.എ. മുതലായവയ്ക്കായി 50 ലക്ഷം രൂപയും ചേർത്ത് ആകെ 55 ലക്ഷം രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-82— കശുവണ്ടി വികസന കോർപ്പറേഷൻ- ബ്രാൻഡ് പ്രോമോഷൻ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ )

4860-60-190-94—കെ.എസ്.സി.ഡി.സി.-യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ )

ആകെ : 4.5 കോടി രൂപ (പ്ലാൻ )

33. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വസിഷൻ ആൻഡ് അക്വിസിഷൻ ആക്റ്റ് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും, 2022 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 8 കോടി രൂപയും ചേർത്ത് ആകെ 70.05 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി പ്രത്യേക നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2852-80-003-94—വ്യവസായിക സ്ഥിതിവിവരഘടകങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.4462 കോടി രൂപ (നോൺ പ്ലാൻ)

34. 2023-24 മുതൽ 2025-26 ജനുവരി വരെയുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 83,776 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-001-98-97—ജില്ലാ ഘടകങ്ങളുടെ രൂപീകരണം - വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 1.13 കോടി രൂപ (പ്ലാൻ )

35. 14 ജില്ലാ ഓഫീസുകളിലും കൂടി ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ ഒന്നര ലക്ഷം കിലോ മീറ്ററിലധികം ഓടിക്കഴിഞ്ഞതാണെന്നും, വാഹനങ്ങളുടെ പഴക്കം കാരണം ഓരോ വർഷവും വലിയ തുക അറ്റകുറ്റപണികൾക്കായി ചെലവാക്കുന്നുണ്ടെന്നും, ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വകുപ്പ് വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങൾക്ക് വാടക നൽകുന്നതിന് മാത്രമേ തികയുകയുള്ളൂവെന്നും പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 2.54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2853-02-001-97—ഇ- ഗവേണൻസ് പദ്ധതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

36. നിലവിലുള്ള KOMPAS പോർട്ടൽ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആക്കി മാറ്റുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.57 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2853-02-001-96—ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 2.02 കോടി രൂപ (പ്ലാൻ )

37. വകുപ്പിന്റെ ആസ്ഥാന കാര്യാലയവും 9 ജില്ലാ ഓഫീസുകളും നവീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2885-60-190-91—കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 60.5 കോടി രൂപ (പ്ലാൻ )

38. കേരളത്തെ ദേശീയവും അന്തർദേശീയവുമായ നിക്ഷേപവേദികളിൽ ശക്തമായി നിലനിർത്തുന്നതിനും നിക്ഷേപകരുമായുള്ള തുടർച്ചയായ ഇടപെടലുകളും ഔട്ട്റീച്ച് പ്രവർത്തനങ്ങളും ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഇൻവെസ്റ്റ്മെന്റ് പ്രമോഷനു വേണ്ടി 6 കോടി രൂപയും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷനു വേണ്ടി 4 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-101-93(02)—ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

39. എം.എസ് .ഇ.സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കോമൺ ഫെസിലിറ്റി സെന്ററുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-101-86—സൂക്ഷ്മ /ചെറുകിട / വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം : 17 കോടി രൂപ (പ്ലാൻ)

40. വിവിധ വ്യവസായ പ്ലോട്ട് /ഏരിയകളുടെ നവീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം 58.32 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും നിലവിൽ എസ്റ്റിമേറ്റ് നിരക്കുകൾ DSoR 2021 ആയി ഉയർത്തിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റുകളിൽ വർദ്ധനവ് ഉണ്ടാവുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-102-90—വ്യവസായ വകുപ്പിലെ ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 6.25 കോടി രൂപ (പ്ലാൻ)

41. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ഉപ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിനായി 6.5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-102-89—വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

42. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം, മൾട്ടിപർപ്പസ് ട്രേഡ് ഫെസിലിറ്റേഷൻ സെന്റർ എന്നിവ പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-102-84—നിലവിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

43. ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 1.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം (പ്ലാൻ)

44. സുരഭിയിലെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, ശമ്പളം, വാടക, കരകൗശല ഉൽപ്പന്നങ്ങൾ വാങ്ങിയ ഇനത്തിലുള്ള തുക എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 9.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4851-00-190-99—കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

45. ഇ-ഗവേണൻസ്, നവീകരണം, കമ്പ്യൂട്ടർവത്ക്കരണം, ഡിസൈൻ വികസനം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ഷോറൂമുകളുടെ നവീകരണം എന്നിവയ്ക്കായി നിലവിലുള്ള 2 കോടി രൂപ കൂടാതെ 1 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4860-01-195-92—ടെക്സ് ഫെഡിന്റെ അധീനതയിലുള്ള പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

46. കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയുടെ നെയ്ത്തുപുരയുടെ മേൽത്തട്ട് നന്നാക്കുന്ന ജോലികൾക്കായി 10 ലക്ഷം രൂപയും, കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയ്ക്ക് പുതിയ യന്ത്രത്തറി വാങ്ങുന്നതിനായി 20 ലക്ഷം രൂപയും വയനാട് ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയുടെ മാർക്കറ്റിംഗ് ഡിജിറ്റൈസ് ചെയ്യുന്നതിനും നാച്വറൽ ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 30 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4860-60-190-90—കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ )

47. കമ്പനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 17.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4885-01-200-95—കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ബഡ്ജറ്റ് വിഹിതം : 20.68 കോടി രൂപ

48. പാലക്കാട് KIZ ന്റെ റോഡ് പണി, മെഗാ ഫുഡ് പാർക്കുമായി ബന്ധപ്പെട്ട പദ്ധതികൾ, PPC തോപ്പുംപടിയുടെയും വൈപ്പിന്റെയും നിർമ്മാണം എന്നിവ പൂർത്തിയാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി 16.25 കോടി രൂപയും KSIDC വ്യവസായിക വളർച്ചാ കേന്ദ്രങ്ങൾക്കായി 8.35 കോടി രൂപയും ചേർത്ത് ആകെ 24.60 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

4885-60-190-92—കേരള ലൈഫ് സയൻസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 65 കോടി രൂപ (പ്ലാൻ)

49. ഇൻഫ്രാസ്ട്രക്ചർ വികസന പ്രവർത്തനങ്ങൾ, ഭൂമി അനുവദവന ആവശ്യങ്ങൾ, ബിസിനസ് വികസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കും അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ലൈഫ് സയൻസ് പാർക്കിനായി 157.99 കോടി രൂപയും മെഡിക്കൽ ഡിവൈസസ് പാർക്കിനായി 51.02 കോടി രൂപയും ചേർത്ത് ആകെ 209.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6851-00-109-74(01)—കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ-സംസ്ഥാന സഹായ പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

50. ആലപ്പുഴ, മലപ്പുറം, മലബാർ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഓരോ ആട്ടോകോണർ മെഷീനുകൾ വാങ്ങുന്നതിന് 2.52 കോടി രൂപ വീതവും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവത്ക്കരണത്തിനും ഇലക്ട്രിക്കൽ, സിവിൽ വർക്കുകൾ ചെയ്യുന്നതിനുമായി 1.9 കോടി രൂപയും ചേർത്ത് ആകെ 9.46 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-60-190-97—<u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്</u>

ബഡ്ജറ്റ് വിഹിതം : 19.69 കോടി രൂപ (പ്ലാൻ )

51. വിതരണക്കാരന്റെ പരിധിയിൽ വരാത്ത സിവിൽ വർക്കിനും, പ്ലാന്റിലെ വിവിധ യന്ത്ര സാമഗ്രികളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി <u>മേൽ ശീർഷകത്തിൽ 2.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6854-01-190-99—<u>വാളയാർ മലബാർ സിമന്റ്സിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ )

52. മൾട്ടി ചാനൽ മൾട്ടിഫ്യുവൽ ബർണർ ആൻഡ് അഡീഷണൽ കോൾ മിൽ ബാഗ് ഫിൽട്ടർ പദ്ധതിയുടെയും ക്രഷിങ് ആൻഡ് ഗ്രേഡിങ് പ്ലാന്റ് ഉത്പാദിപ്പിക്കുന്ന പാറകൾ സംസ്കരിക്കുന്ന പദ്ധതിയുടെയും ചെലവുകൾ നിർവഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി <u>മേൽ ശീർഷകത്തിൽ 9 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.</u>

6854-01-190-98—<u>കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 4.88 കോടി രൂപ (പ്ലാൻ )

53. കിലൻ നവീകരണം, കാൽസൈൻഡ് ക്ലേ നിർമ്മാണം, LC-3 സിമന്റ് ഉൽപാദനം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആദ്യഘട്ട പൂർത്തീകരണത്തിനായി 15 കോടി രൂപ അധികമായി ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, <u>മേൽ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.</u>

6857-02-190-99—<u>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ )

54. KSDP-യുടെ വികസന പ്രവർത്തനങ്ങൾക്കായി "Installation of Roll Compactor, Automatic packing machine and QC Lab” എന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിൽ സർക്കാർ വിഹിതമായ 11.73 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും മനസ്സിലാക്കിയ സമിതി

മേൽ ശീർഷകത്തിൽ 11.73 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-01-190-98—ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ )

55. ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം പ്ലാന്റിലുള്ള മെഷീനറി തിരുവല്ലാ യൂണിറ്റിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ ഒരു ഫാക്ടറി സ്ട്രക്ച്ചർ പണിയുന്നതിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-03-190-99—കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ )

56. ഒരു ടൺ വരെ ഭാരം വഹിക്കാൻ ശേഷിയുള്ള പുതിയ ഇലക്ട്രിക്ക് മുച്ചക്ര വാഹനങ്ങൾ വിപണിയിലെ ഡിമാൻഡിന് അനുസൃതമായി വികസിപ്പിച്ച് വിപണിയിൽ ഇറക്കുന്നതിനും പ്രൊഡക്ഷൻ പ്ലാന്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി പുതിയ മെഷീനറികളും അനുബന്ധ ഘടകങ്ങളും വാങ്ങി സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6858-60-190-99—കേരള സ്റ്റീൽ ഇൻഡസ്ട്രീസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4.28 കോടി രൂപ (പ്ലാൻ )

57. കണ്ണൂർ അഴീക്കൽ യൂണിറ്റിലെ ഡ്രൈഡോക്ക് സ്ലിപ്പ് വേ നിർമ്മാണം , ഒറ്റപ്പാലം യൂണിറ്റിലെ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് നിർമ്മാണം, ചേർത്തലയിലെ എസ്. എഫ്. യു.-വിൽ പ്രീഫാബ് സ്റ്റീൽ സ്ട്രക്ചർ ഫാബ്രിക്കേഷൻ സൗകര്യ നിർമ്മാണം, കണ്ണൂർ അഴീക്കലും ചേർത്തലയിലും RVSF ഫെസിലിറ്റി നിർമ്മാണം എന്നിവയ്ക്കും മെഷീനറികൾ റിപ്പയർ ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽശീർഷകത്തിൽ 8.63 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു

6858-60-190-89—ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ )

58. കമ്പനിയുടെ സമഗ്രമായ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7.13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-60-190-84—സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ )

59. കമ്പനിയുടെ ആധുനികവൽക്കരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 1.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-01-190-99—തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ )

60. കമ്പനിയുടെ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 18.86 കോടി രൂപ (പ്ലാൻ )

61. മലബാർ സ്പിന്നിംഗ് ആൻഡ് വീവിങ് മില്ലുകളുടെ ഭാഗിക നവീകരണം, KSTC യുടെ നാല് മില്ലുകളിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റം സജ്ജമാക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 8.43 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-94—കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 6.60 കോടി രൂപ (പ്ലാൻ )

62. കമ്പനിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി യിട്ടുള്ള ഉൽപാദനശേഷി വിപുലീകരണ പദ്ധതി, പുതിയ ഖനന ഭൂമി വാങ്ങുന്നതിനുള്ള ടോക്കൺ പ്രൊവിഷൻ (ഘട്ടം-I) എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 7.99 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-86—ഫോറസ്റ്റ് ഇൻഡസ്ട്രീസ് ( ട്രാവൻകൂർ ) ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (പ്ലാൻ )

63. ഷോറൂം നവീകരണം, ഡിസൈൻ സ്റ്റുഡിയോ, പ്ലാന്റ് നവീകരണം, സ്റ്റീൽ ഫർണിച്ചർ ഉത്പാദന യൂണിറ്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-78—കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 41 കോടി രൂപ (പ്ലാൻ )

64. ക്യാഷ്യൂ ബോർഡിന് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് 2026-27-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അപര്യാപ്തമാണെന്നും പ്രതിവർഷം തൊഴിലാളികൾക്ക് കുറഞ്ഞത് 156 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കണമെങ്കിൽ 20000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി, മേൽ ശീർഷകത്തിൽ 39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

6860-60-190-76—കേരള റൈസ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : ഇല്ല

65. ആലപ്പുഴ റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനും പാലക്കാട് റൈസ് ടെക്നോളജി പാർക്ക് വികസിപ്പിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 51.81 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**പി. രാജീവ് ,**

*ചെയർപേഴ്സൺ ,*

*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.